(സി) ടി ഇകയിൽ പോർട്ട് ട്രസ്റ്റ് നൽകാനുള്ളത് എത്രയെന്നും, NHAI നൽകാനുള്ളത് എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ച ഇക എത്രയെന്നും എന്നാണ് ടി ഇക ലഭിച്ചതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടിയുള്ള റെയിൽ, റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ/തൊഴിലുപകരണങ്ങൾനഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2,05,39,735 രൂപയുടെ നഷ്ടപരിഹാര പാക്കേജാണ് അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ് രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേയ്ക്കാവശ്യമായ 96,19,110 രൂപയിൽ റെയിൽ കണക്ടിവിറ്റി മുഖാന്തിരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി ഇക എറണാകുളം മേഖലാ ഫിഷറീസ് ഡയറക്ടറുടെ Special TSB അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും ലഭിക്കാനുള്ള ഇകയായ 68,76,610 രൂപ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റിക്കെതിരെ ഒരു സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനായി നടപടി സ്വീകരിച്ചുവരികയാണ്. ഇത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകാനുള്ള ഇക (27,42,500 രൂപ) ലഭ്യമായിട്ടുണ്ട്. ടി ഇക എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും 68,76,710 രൂപയാണ് നൽകാനുള്ളത്.

(ഡി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് 27,42,500 (ഇരുപത്തിയേഴുലക്ഷത്തി നാല്പത്തി രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) അനുവദിച്ചു. 18-4-2011- ലാണ് ഇക ലഭിച്ചത്.

പുന്നപ്ര ഫിഷറീസ് ഹാർബർ

62(5647) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര ഫിഷറീസ് ഹാർബർ നിർമ്മാണം സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിരുന്നോ ; പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ;

(ബി) ഹാർബർ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുന്നപ്ര ഫിഷറീസ് ഹാർബർ നിർമ്മാണം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏജൻസിയെ ഏൽപ്പിച്ചിട്ടില്ല. അന്വേഷണ ഗവേഷണ പഠനങ്ങൾക്കായി 51 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 28-1-2014-ൽ നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മാതൃകാപഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തുന്നതാണ്.

(ബി) നിർദ്ദിഷ്ട ഹാർബറിന്റെ അന്വേഷണ ഗവേഷണ പഠനം പൂർത്തിയാക്കി മാതൃകാപഠന റിപ്പോർട്ട്, പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, CRZ സ്റ്റാറ്റസ് റിപ്പോർട്ട്, CRZ/EIA ക്ലിയറൻസ് എന്നിവ ലഭ്യമാകുന്നതനുസരിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചെലവഴിച്ച തുക

63(5648) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ 2015-16-ൽ എൻജിനീയറിംഗ് വകുപ്പിനുവേണ്ടി വകകൊള്ളിച്ചിട്ടുള്ള തുകയെത്രയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഹാർബർ എൻജിനീയറിംഗ് വകുപ്പ് വിവിധ ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ പ്രത്യേകമായി ഒരു പദ്ധതിക്കുവേണ്ടിയും 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പദ്ധതി ഇതര വിഭാഗത്തിൽ തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തലിനായി ബഡ്ജറ്റിൽ 55 കോടി വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽനിന്നും തിരുവനന്തപുരം ജില്ലയിലെ തീരദേശ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ബില്ലുകൾ തീർപ്പാക്കുന്നതിനായി തുക വിനിയോഗിക്കുന്നതാണ്. കൂടാതെ നബാർഡ് സഹായപദ്ധതികൾക്കായി ഈ വകുപ്പിന് 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുറമുഖ മേഖലയിൽ വിഴിഞ്ഞം കാർഗോ ഹാർബറിനായി 10 കോടി രൂപ തുറമുഖ വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.